ചേമ്പനയിലെ ആദിവാസികൾക്ക് റേഷൻകട

166 [1347] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് മലമ്പുഴ ചേമ്പനയിൽ ആദിവാസികൾ താമസിക്കുന്ന പ്രദേശത്ത് ഒരു റേഷൻകട അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പാലക്കാട് മലമ്പുഴ ചേമ്പന എന്ന സ്ഥലത്ത് പുതിയ റേഷൻകട അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിക്കുന്ന മുറയ്ക്ക് അതിൻമേൽ ആവശ്യമായ അന്വേഷണം നടത്തി ആവശ്യമെന്നു കണ്ടാൽ പുതിയ റേഷൻകട അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

അകമലവാരം തോട്ടം പ്രദേശത്ത് റേഷൻകട സ്ഥാപിക്കാൻ നടപടി

167 [1348] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മലമ്പുഴ അകമലവാരം തോട്ടം പ്രദേശത്ത് താമസിക്കുന്ന ആദിവാസികൾക്ക് സമീപപ്രദേശത്ത് റേഷൻകട ഇല്ലെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് ഒരു റേഷൻകട അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല. അകമലവാരം തോട്ടത്തിനു സമീപമുള്ള ആനക്കല്ല് എന്ന സ്ഥലത്ത് ഒരു റേഷൻകട (എ. ആർ. ഡി. 136) പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പുതിയ റേഷൻകട അനുവദിക്കണമെന്ന നിവേദനം ഒന്നുംതന്നെ ജില്ലാ സപ്ലൈ ഓഫീസർക്ക് ലഭിച്ചിട്ടില്ല.

തലപ്പുള്ളി താലൂക്കിലെ മണ്ണെണ്ണ വിതരണം

168 [1349] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പുള്ളി താലൂക്കിൽ മണ്ണെണ്ണ വിതരണത്തിന് ഏതെല്ലാം ഏജൻസികളെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികൾക്ക് ലൈസൻസ് കൊടുത്തത് ഏത് വർഷത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly